**23U135** (Pages: 2) Name: ..................................

Reg.No: ..................................

**FIRST SEMESTER B.A. DEGREE EXAMINATION, NOVEMBER 2023**

(CBCSS - UG)

(Regular/Supplementary/Improvement)

**CC19U MAL1 B01 - നവോത്ഥാന മലയാള കവിത**

(Malayalam - Core Course)

(2019 Admission onwards)

Time : 2.5 Hours Maximum : 80 Marks

Credit : 5

**Part A** (Short answer questions)

Answer ***all*** questions. Each question carries 2 marks.

1. വള്ളത്തോളിന്റെ പ്രധാന കൃതികൾ?'
2. ഏ.ആറിന്റെ വ്യാകരണകൃതികൾ ഏവ?
3. സന്ദേശകാവ്യങ്ങളുടെ പ്രമേയമെന്ത്?
4. "തെല്ലും നമുക്കു ശരിയല്ലിതു വേണ്ടയെന്നായ്-ചൊല്ലുന്ന ചാപ്പനൊടെതിർക്കുകയില്ല കോമൻ "ചാപ്പന്റെ എതിർപ്പിന് കാരണമെന്ത്
5. തുള്ളൽ പ്രസ്ഥാനം പരിചയപ്പെടുത്തുക ?
6. വിലാപകാവ്യത്തിന്റെ പൊതുസ്വഭാവം എന്ത്?
7. അവളുടെ ശയനീയ ശായിയാ-മവനൊരു ഷസ്സിലുണർന്നിടാതെയായ്;_ വിവക്ഷിതമെന്ത്?
8. കാല്പനികകവി കലാപകാരി ആണ് എന്ന് പറയുന്നത് എന്തുകൊണ്ട്?
9. എന്താണ് ഇംപ്രഷനിസം?
10. താരകളോട് കവി പറയുന്നത് എന്താണ് ?
11. ചിങ്ങത്തിന് നെൽക്കതിരായി മാറുന്നത് എന്താണ് ?
12. അയ്യപ്പപ്പണിക്കരെ ആധുനികതയുടെ അവതാരകനാക്കി മാറ്റിയ കവിതകൾ ഏതെല്ലാം ?
13. ക്രിട്ടിക്കൽ റിയലിസം എന്നാൽ എന്ത്?
14. മലയാളത്തിലെ ഒന്നോ രണ്ടോ രാഷ്ട്രീയ കവിതയെ പരിചയപ്പെടുത്തുക ?
15. "വഴിപോൽ  വായിച്ചറിയാനേകിയൊ - രക്ഷര വിദ്യയവർക്കുതകുന്നു " വിവക്ഷ എന്ത്?

**(Ceiling: 25 Marks)**

**Part B** (Paragraph questions)

Answer ***all*** questions. Each question carries 5 marks.

16. പച്ചമലയാളം എന്ന ആശയം വളർന്നുവരാനുള്ള കാരണമെന്ത്?

17. "സൂരിച്ചുടൻ സിന്ധു നുകർന്ന മാമുന്നി- പ്രധാനി തൻ ശിഷ്യകളോടിണങ്ങി നീ " - സൂചിതകഥയെന്ത്?

18. ഒരു വിലാപം' എന്ന കവിതയിൽ നായകൻ തന്റെ പ്രണയിനിയെക്കുറിച്ച് ചിന്തിക്കുന്നതെന്തെല്ലാം?

19. കവി ഗ്രാമീണകന്യകയെ വർണ്ണിച്ചിരിക്കുന്നതെങ്ങനെയെല്ലാം ?

20. കാല്പനികതയുടെ ആരോഗ്യകരമായ മുഖമാണ് ജിയുടെയും വൈലോപ്പിള്ളിയുടെയും കാവ്യലോകം വിശദമാക്കുക.

21. സർപ്പക്കാട്' എന്ന കവിതയിലെ പാരിസ്ഥിതികതലം വിശകലനം ചെയ്യുക.

22. “നിരത്തിൽ കാക്കകൊത്തുന്നു- ചത്തപെണ്ണിൻറെ കണ്ണുകൾ - മുല ചപ്പിവലിക്കുന്നു നരവർഗ്ഗ നവാതിഥി” -ആശയം വിശദമാക്കുക ?

23. കോട്ടയിലെ പാട്ട് എന്ന കവിതയിൽ പൗരാണിക ബിംബങ്ങൾ അവതരിപ്പിക്കുന്നത് എങ്ങനെ ?

**(Ceiling: 35 Marks)**

**Part C** (Essay questions)

Answer any ***two*** questions. Each question carries 10 marks.

24. കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ ‘മയൂരസന്ദേശം’ എന്ന കൃതിയെ നിരൂപണം ചെയ്യുക.

25. മലയാളത്തിലെ ആദ്യ ഖണ്ഡകാവ്യകൃതിയായ 'മലയവിലാസ'ത്തിന്റെ സവിശേഷതകൾ എന്ത് ?

26. നിമിഷം' എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

27. "ഓർമ്മകളുടെ സുഗന്ധം പരത്തുന്നവയാണ് ഒ. എൻ. വി. കുറുപ്പിന്റെ കവിതകൾ " ചോറൂണിനെ അടിസ്ഥാനമാക്കി വിവരിക്കുക ?

**(2 × 10 = 20 Marks)**

*******